Draft #3 of File 10707/EN 1-2/2020/EN 1 (PART-I) Approved by ASSISTANT REGISTRAR XVIII (EXAM) on 13-Jul-2020 11:00 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ആറാം സെമസ്റ്റർ സി.ബി.സി.എസ് / സി.ബി.സി.എസ്.എസ് യു.ജി (2017 അഡ്മിഷൻ റെഗുലർ/ 2013 -2016 അഡ്മിഷൻ സപ്ലിമെന്ററി ) മാർച്ച് 2020 ,അഞ്ച് ,ആറ് സെമസ്റ്റർ സി.ബി.സി.എസ് യു.ജി പ്രൈവറ്റ് മാർച്ച് 2020 പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പ് രൂപീകരണ ഉത്തരവിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**പരീക്ഷാ വിഭാഗം എൻ 1 സെക്ഷൻ**

നമ്പർ. 3162/EN 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.07.2020

---

*പരാമർശം:*-1 )10/06/2020 - ലെ 2473/EN 1/2020/എം.ജി.യു - നം ഉത്തരവ്.

2 )16/06/2020 - ൽ , ശ്രീ വിനീത് സേവ്യർ (എസ്.ജി.എ , പി.വി.സി സെക്ഷൻ ) നൽകിയ സമർപ്പണം .

3 )16/06/2020 - ൽ , ശ്രീമതി മിത്വ മധു ( എസ്.ജി.എ , എ സി . ബി 7 ) നൽകിയ സമർപ്പണം .

4 )10/06/2020 - ൽ , ശ്രീ സച്ചിൻ എം ( അസിസ്റ്റന്റ് , ഇ.ഐ 33 ) നൽകിയ സമർപ്പണം .

5 )10/06/2020 - ൽ , ശ്രീ ഓമനക്കുട്ടൻ എം.കെ (ക്ലറിക്കൽ അസിസ്റ്റന്റ് , ഇ.എൻ 2 ) നൽകിയ സമർപ്പണം .

**ഉത്തരവ്**

പരാമർശം 1 പ്രകാരം 9 കേന്ദ്രങ്ങളിലായി നടന്നു വരുന്ന , ആറാം സെമസ്റ്റർ സി.ബി.സി.എസ് / സി.ബി.സി.എസ്.എസ് യു.ജി (2017 അഡ്മിഷൻ റെഗുലർ/ 2013 -2016 അഡ്മിഷൻ സപ്ലിമെന്ററി ) മാർച്ച് 2020 ,അഞ്ച് ,ആറ് സെമസ്റ്റർ സി.ബി.സി.എസ് യു.ജി പ്രൈവറ്റ് മാർച്ച് 2020 പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകളിലേയ്ക്ക് , നാലാം സെമസ്റ്റർ സി.ബി.സി.എസ് (2018 അഡ്മിഷൻ റെഗുലർ / 2017 അഡ്മിഷൻ സപ്ലിമെന്ററി ) /സി.ബി.സി.എസ്.എസ് (2013 -2016 അഡ്മിഷൻ സപ്ലിമെന്ററി ) യു.ജി മാർച്ച് 2020 പരീക്ഷയുടെ മൂല്യനിർണ്ണയ (എച്ച്.വി.എസ്.എസ് ) ചുമതല കൂടി അധികമായി നൽകിക്കൊണ്ട് പരീക്ഷാ കൺട്രോളർ ഉത്തരവായിരിക്കുന്നു .

പരാമർശം 1 പ്രകാരം 9 കേന്ദ്രങ്ങളിലായി നടന്നു വരുന്ന , ആറാം സെമസ്റ്റർ സി.ബി.സി.എസ് / സി.ബി.സി.എസ്.എസ് യു.ജി (2017 അഡ്മിഷൻ റെഗുലർ/ 2013 -2016 അഡ്മിഷൻ സപ്ലിമെന്ററി ) മാർച്ച് 2020 ,അഞ്ച് ,ആറ് സെമസ്റ്റർ സി.ബി.സി.എസ് യു.ജി പ്രൈവറ്റ് മാർച്ച് 2020 പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകളിലേയ്ക്ക് , നാലാം സെമസ്റ്റർ പി.ജി സി.എസ്.എസ് (2018 അഡ്മിഷൻ റെഗുലർ / 2017 ,2016 ,2015 അഡ്മിഷൻ സപ്ലിമെന്ററി / 2014 , 2013 ,2012 അഡ്മിഷൻ മേഴ്സി ചാൻസ് ) ഡിഗ്രി ജൂൺ 2020 പരീക്ഷയുടെ മൂല്യനിർണ്ണയ ( എച്ച്.വി.എസ്.എസ് ) ചുമതല കൂടി അധികമായി

നൽകിക്കൊണ്ട് പരീക്ഷാ കൺട്രോളർ ഉത്തരവായിരിക്കുന്നു .

പരാമർശം 1 പ്രകാരം 9 കേന്ദ്രങ്ങളിലായി നടന്നു വരുന്ന , ആറാം സെമസ്റ്റർ സി.ബി.സി.എസ് / സി.ബി.സി.എസ്.എസ് യു.ജി (2017 അഡ്മിഷൻ റെഗുലർ/ 2013 -2016 അഡ്മിഷൻ സപ്ലിമെന്ററി ) മാർച്ച് 2020 ,അഞ്ച് ,ആറ് സെമസ്റ്റർ സി.ബി.സി.എസ് യു.ജി പ്രൈവറ്റ് മാർച്ച് 2020 പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകളിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തിയിരുന്നത് അംഗീകരിച്ചുകൊണ്ട് പരീക്ഷാ കൺട്രോളർ ഉത്തരവായിരിക്കുന്നു .

അ ) ചങ്ങനാശ്ശേരി ക്യാമ്പിൽ സഹ ക്യാമ്പ് അധികാരിയായി നിയോഗിച്ചിരുന്ന , ശ്രീ വിനീത് സേവ്യർ (എസ്.ജി.എ , പി.വി.സി സെക്ഷൻ ) - നെ പരാമർശം 2 പരിഗണിച്ച് , 12/06/2020 അപരാഹ്നം മുതൽ ക്യാമ്പിൽ നിന്നും വിടുതൽ ചെയ്തിരുന്നതും, പകരം ശ്രീമതി മിത്വ മധു ( എസ്.ജി.എ , എ സി . ബി 7 ) നെ പരാമർശം 3 പരിഗണിച്ച് , 17/06/2020 മുതൽ സഹ ക്യാമ്പ് അധികാരിയായി നിയോഗിച്ചിരുന്നതും അംഗീകരിച്ചുകൊണ്ട് ഉത്തരവായിരിക്കുന്നു .

ആ ) കോഴഞ്ചേരി ക്യാമ്പിൽ സഹ ക്യാമ്പ് അധികാരിയായി നിയോഗിച്ചിരുന്ന ശ്രീ സച്ചിൻ എം ( അസിസ്റ്റന്റ് , ഇ.ഐ 33 ) -നെ പരാമർശം 4 പരിഗണിച്ച് , 17/06/2020 അപരാഹ്നം മുതൽ ക്യാമ്പിൽ നിന്നും വിടുതൽ ചെയ്തിരുന്നത് അംഗീകരിച്ചുകൊണ്ട് ഉത്തരവായിരിക്കുന്നു .

ഇ ) കോട്ടയം ക്യാമ്പിൽ സഹ ക്യാമ്പ് അധികാരിയായി നിയോഗിച്ചിരുന്ന ശ്രീ ഓമനക്കുട്ടൻ എം.കെ (ക്ലറിക്കൽ അസിസ്റ്റന്റ് , ഇ.എൻ 2 ) നെ പരാമർശം 5 പരിഗണിച്ച് , 09/06/2020 അപരാഹ്നം മുതൽ ക്യാമ്പിൽ നിന്നും വിടുതൽ ചെയ്തിരുന്നതും , പകരം ശ്രീമതി ജാസ്മിൻ പി.എൻ ( ക്ലറിക്കൽ അസിസ്റ്റന്റ് , പി.ഡി 4 ) നെ 11/06/2020 മുതൽ സഹ ക്യാമ്പ് അധികാരിയായി നിയോഗിച്ചിരുന്നതും അംഗീകരിച്ചുകൊണ്ട് ഉത്തരവായിരിക്കുന്നു .

ഈ ) അടിമാലി ക്യാമ്പിൽ സഹ ക്യാമ്പ് അധികാരിയായി നിയോഗിച്ചിരുന്ന ശ്രീ റൂബി കെ.എം (അസിസ്റ്റന്റ് , ഇ.എൻ 16 ) -ന് പകരമായി ശ്രീമതി റംലത്ത് ടി.ഇ (റോണിയോ ഓപ്പറേറ്റർ , ജെ.ആർ 4 ) 09/06/2020 മുതൽ ടി ക്യാമ്പിൽ സഹ ക്യാമ്പ് അധികാരിയായി നിയോഗിച്ചിരുന്നത് അംഗീകരിച്ചുകൊണ്ട് ഉത്തരവായിരിക്കുന്നു .

ക്യാമ്പുകളുടെ സുഗമമായ നടത്തിപ്പിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ക്യാമ്പിൽ നിയോഗിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർ കർശനമായി പാലിക്കേണ്ടതാണ്.

1)നിശ്ചിത സമയ വിവര പട്ടിക കർശനമായി പാലിക്കുന്നു എന്ന് ക്യാമ്പ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

2)ക്യാമ്പ് ഉദ്യോഗസ്ഥർ ക്യാമ്പിലെ ജോലികൾക്കൊപ്പം സ്വന്തം സെക്ഷനിലെ ജോലികളും വീഴ്ചയില്ലാതെ നിർവഹിക്കേണ്ടതും അതിനായി ആവശ്യമെങ്കിൽ പ്രവർത്തി സമയത്തിനപ്പുറവും

Draft #3 of File 10707/EN 1-2/2020/EN 1 (PART-I) Approved by ASSISTANT REGISTRAR XVIII (EXAM) on 13-Jul-2020 11:00 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 10707/EN 1-2/2020/EN 1 (PART-I) Approved by ASSISTANT REGISTRAR XVIII (EXAM) on 13-Jul-2020 11:00 AM - Page 3

അവധി ദിവസങ്ങളിലും ജോലി ചെയേണ്ടതുമാണ്.

3)<u>മുൻകൂർ അനുമതിയില്ലാതെ ക്യാമ്പ് ജോലിക്കു ഹാജരാകാതിരുന്ന ക്യാമ്പ് ഉദ്യോഗസ്ഥരുടെ വിവരം യഥാസമയം ക്യാമ്പ് അധികാരി ഇ .എൻ -1 സെക്ഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണ്</u>.

4)ക്യാമ്പ് അധികാരിയുടെ അഭാവത്തിൽ തൊട്ട് മുതിർന്ന സഹ ക്യാമ്പ് അധികാരി ക്യാമ്പിന്റെ ചുമതല വഹിക്കേണ്ടതും,ക്യാമ്പ് ജോലികൾ മുടക്കം കൂടാതെ നടക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5)ഉത്തരക്കടലാസ് വിതരണം മുതൽ അദ്ധ്യാപകരുടെ ബില്ല് തയ്യാറാക്കൽ റീ ബണ്ടിലിംഗ് മുതലായ മുഴുവൻ ജോലികളും ക്യാമ്പ് ജീവനക്കാരുടെയും കൂട്ടുത്തരവാദിത്വമായിരിക്കും.

6)റീ ബണ്ടിലിംഗ് നടത്തുമ്പോൾ ഫാൾസ് നമ്പർ ക്രമത്തിൽ ലേബലടക്കമുള്ള കെട്ടുകളായി (ക്യാമ്പിൽ സ്വീകരിച്ചതുപോലെ തന്നെ) അവ തയ്യാറാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

7)ഏതെങ്കിലും ഉത്തരക്കടലാസ് കെട്ടുകളിൽ നിന്നും കൗണ്ടർഫോയിലുകൾ ലഭിച്ചാൽ അത് അസിസ്റ്റന്റ് രജിസ്ട്രാർ 5 (പരീക്ഷ )-ന് റിപ്പോർട്ട് ചെയ്ത് കൈമാറണം .

8)'മാൽ പ്രാക്ടീസ്'കേസുകൾ അധ്യാപകർ റിപ്പോർട്ട് ചെയ്താൽ ക്യാമ്പ് ഓഫീസർമാരുടെ കുറിപ്പും, ഉത്തരക്കടലാസുകളും സഹിതം അത് അസിസ്റ്റൻറ് രജിസ്ട്രാർ 5 (പരീക്ഷ )-ന് റിപ്പോർട്ട് ചെയ്ത് കൈമാറണം . അക്കാര്യം മാർക്ക് ലിസ്റ്റിൽ പ്രസ്തുത ഫാൾസ് നമ്പറിന് നേരെ രേഖപ്പെടുത്താൻ അധ്യാപകർക്കു നിർദേശം നൽകണം.

9)ചോദ്യ പേപ്പർ കോഡ് മാറി ഒരു കെട്ടിനുള്ളിൽ നിന്നും പേപ്പർ ലഭിച്ചാൽ ആയത് ക്യാമ്പ് അധികാരിയുടെ കുറിപ്പും ഉത്തരക്കടലാസുകളും സഹിതം എ.ആർ 5(പരീക്ഷ) -ന് റിപ്പോർട്ട് ചെയ്ത് കൈമാറണം .അതെ കോഡിലുള്ള ഉത്തരക്കടലാസിന്റെ ഫാൾസ് നമ്പർ സീരിസിൽ റീ നമ്പറിങ് നടത്തി വാങ്ങിയിട്ട് അതിന്റെ മൂല്യനിർണ്ണയം നടത്തിയാൽ മതിയാകും.

10)വിതരണം ചെയ്യുന്ന ഉത്തരക്കടലാസുകൾക്ക് കൃത്യമായ വിതരണ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. (കൈപ്പറ്റുന്ന അധ്യാപകരുടെ പേരും വിലാസവും ഫോൺ നമ്പറും , കൈയൊപ്പും ഉൾപ്പെടെക്യാമ്പ് സംബന്ധമായ ഏത് രേഖകളുടെ കൊടുക്കൽ വാങ്ങലും ട്രാൻസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കണം

11)ക്യാമ്പ് അധികാരി ക്യാമ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ക്യാമ്പ് പൂർത്തീകരണ സാക്ഷ്യപത്രവും ഹാജർപുസ്തകവും ഒപ്പം താഴെപ്പറയുന്ന സാക്ഷ്യപത്രങ്ങളും കൂടി ബന്ധപ്പെട്ട അധികാരികളുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

i)സ്റ്റേപ്ലർ ,പഞ്ച്,സ്റ്റെയിൽ ,ജം ക്ലിപ്പ് മുതലായ തിരികെ നൽകാവുന്ന സാധനങ്ങൾ തിരികെ ലഭിച്ചെന്നുള്ള സ്റ്റോർ കീപ്പറുടെ സാക്ഷ്യപത്രം .

ii) ക്യാമ്പ് ഉദ്യോഗസ്ഥരുടെ തൃപ്തികരമായ പ്രവർത്തി നിർവ്വഹണത്തെക്കുറിച്ചുള്ള സാക്ഷ്യപത്രം .

iii)വിതരണ രജിസ്റ്റർ, ഉത്തരക്കടലാസുകളുടെ ഫാൾസ് നമ്പർ ക്രമവിവരപ്പട്ടിക,നമ്പറിടുന്ന യന്ത്രം ,പൂട്ടും താക്കോലും ,ലാപ്ടോപ് എന്നിവ ക്യാമ്പിൽ നിന്നും തിരികെ ലഭിച്ചു എന്നുള്ള എ. ആർ 18 / ഇ.എൻ 4 സെക്ഷൻ ഓഫീസർ -ന്റെ സാക്ഷ്യപത്രം .

iv)<u>ക്യാമ്പ് ഉദ്യോഗസ്ഥർ ക്യാമ്പ് കാലയളവിൽ എടുത്ത അവധികൾ അതത് സെക്ഷനുകളിൽ</u>

Draft #3 of File 10707/EN 1-2/2020/EN 1 (PART-I) Approved by ASSISTANT REGISTRAR XVIII (EXAM) on 13-Jul-2020 11:00 AM - Page 4

രേഖപ്പെടുത്തിയിരുന്നു എന്ന് ബന്ധപ്പെട്ട സെക്ഷൻ ഓഫീസർ നൽകുന്ന സാക്ഷ്യപത്രം.

v )അധ്യാപകരുടെ ബില്ലുകൾ എല്ലാം ബന്ധപ്പെട്ട ഓഡിറ്റ് സെക്ഷനിൽ നൽകി എന്നുള്ള സാക്ഷ്യപത്രം.

vi )**കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിലും ഹോം വാല്യൂവേഷൻ ക്യാമ്പുകളിലും പങ്കെടുത്ത അധ്യാപകരുടെ ലിസ്റ്റുകൾ ബന്ധപ്പെട്ട ഇ.ബി സെക്ഷനുകളിൽ ലഭ്യമായി എന്നുള്ള എ.ആർ 11 (പരീക്ഷാ വിഭാഗം ) -ന്റെ സാക്ഷ്യപത്രം .**

ക്യാമ്പ് അവസാനിക്കുന്ന ദിവസം തന്നെ ക്യാമ്പ് അധികാരി അക്കാര്യം ഇ.എൻ 1 സെക്ഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ക്യാമ്പുമായി ബന്ധപ്പെട്ട ചെലവുകൾ നടപ്പുവർഷത്തെ സർവ്വകലാശാല ബജറ്റിലെ "22 201 38 സി.വി ക്യാമ്പ് ചെലവുകൾ "എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മോഹനൻ കെ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 18 (പരീക്ഷ)

പകർപ്പ്

1 .ബന്ധപ്പെട്ട വ്യക്തികൾ /സെക്ഷനുകൾ
2 .വി.സി /പി.വി.സി എന്നിവരുടെ പി.എസ് .മാർ
3 .രജിസ്ട്രാർ ,എഫ്.ഒ ,സി.ഇ എന്നിവരുടെ പി.എ.മാർ
4 .ജെ.ആർ.1 ,4 ( പരീക്ഷാ വിഭാഗം )
5 .ഡി.ആർ 8 (പരീക്ഷാ വിഭാഗം)
6 .എ.ആർ 18 / 5 (പരീക്ഷാ വിഭാഗം)
7 .എ.ആർ 11 ഇ.ബി. സെക്ഷൻ / എ.സി.സി സെക്ഷൻ /സി.ഇ സെക്ഷൻ
8 .ജെ.ഡി.കെ.എസ്.എ
9 .ഇ.എൻ 4 ,8 ,15 സെക്ഷനുകൾ
10 .പരീക്ഷ ഓഡിറ്റ് 1 ,2 / പരീക്ഷ ക്യാഷ്
11 .കണ്ടന്റ് മാനേജ്മന്റ് സെക്ഷൻ /സീറ്റെക്സ് /പി.ആർ.ഒ
12 .സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി.

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം